ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 20.09.2025**

## പ്രധാനവാർത്തകൾ

1. ചലച്ചിത്ര നടൻ മോഹൻലാലിന് 2023 ലെ ദാദാസാഹിബ് ഫാൽക്കെ അവാർഡ് നൽകുമെന്ന് കേന്ദ്രസർക്കാർ.

2. രാജ്യത്ത് പുതുക്കിയ ചരക്കു സേവന നികുതി നിരക്കുകൾ മറ്റന്നാൾ മുതൽ പ്രാബല്യത്തിൽ. റെയിൽവേ സ്റ്റേഷനുകളിൽ കുപ്പിവെള്ളത്തിന്റെ വില കുറയ്ക്കാൻ നിർദേശിച്ച് റെയിൽവേ മന്ത്രാലയം.

3. സംസ്ഥാനത്ത് വീണ്ടും അമീബിക് മസ്തിഷ്ക ജ്വരം; രോഗം ബാധിച്ച 13 വയസ്സുള്ള കുട്ടി കോഴിക്കോട് ചികിത്സയിൽ.

4. വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചാലുടൻ ശബരിമലയിൽ റോപ് വേ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കുമെന്ന് മന്ത്രി വി.എൻ. വാസവൻ.

5. കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും നിയമാനുസൃതമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.

6. ഏഷ്യകപ്പ് പുരുഷ ടി- 20 ക്രിക്കറ്റ് ആദ്യ സൂപ്പർ 4 മത്സരത്തിൽ ഇന്ന് ശ്രീലങ്കയും ബംഗ്ലാദേശും ഏറ്റുമുട്ടും.

&&&&&&&&&&&&&&&&

RNU TVPM

## പ്രധാനമന്ത്രി - ഗുജറാത്ത്

2047-ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റാൻ എല്ലാ മേഖലകളിലും സ്വയം പര്യാപ്തത നേടണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗുജറാത്തിലെ ഭാവ്നഗറിൽ 34,200 കോടി രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിക്കുകയായിരുന്നു അദ്ദേഹം. മുംബൈ അന്താരാഷ്ട്ര ക്രൂയിസ് ടെർമിനലിന്റെ ഉദ്ഘാടനവും സമുദ്ര മേഖലയുമായി ബന്ധപ്പെട്ട 7,800 കോടിയിലധികം രൂപയുടെ പദ്ധതികളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&

## ജി എസ് ടി -റെയിൽവേ

രാജ്യത്ത് പുതുക്കിയ ചരക്കു സേവന നികുതി നിരക്കുകൾ തിങ്കളാഴ്ച മുതൽ പ്രാബല്യത്തിൽ. ജിഎസ്ടി പരിഷ്കാരത്തിന്റെ ഭാഗമായി, ട്രെയിനുകളിലും റെയിൽവേ പരിസരങ്ങളിലും ലഭ്യമായ കുപ്പിവെള്ളത്തിന്റെ വില കുറയ്ക്കാൻ റെയിൽവേ മന്ത്രാലയം നിർദേശിച്ചു. ലിറ്ററിന് വില പതിനഞ്ച് രൂപയിൽ നിന്ന് പതിനാല് രൂപയായി കുറയും. അര ലിറ്ററിന്റെ കുപ്പികളുടെ വില പത്ത് രൂപയിൽ നിന്ന് ഒമ്പത് രൂപയാകും.

RNU TVPM

&&&&&&&&&&&&&&&&

## മോഹൻലാൽ - അവാർഡ്

ചലച്ചിത്ര നടൻ മോഹൻലാലിന് 2023 ലെ ദാദാസാഹിബ് ഫാൽക്കെ അവാർഡ് നൽകുമെന്ന് കേന്ദ്ര കേന്ദ്രസർക്കാർ. ചൊവ്വാഴ്ച നടക്കുന്ന 71-ാമത് ദേശീയ ചലച്ചിത്ര അവാർഡ് ദാന ചടങ്ങിൽ ശ്രീ മോഹൻലാലിന് പുരസ്കാരം സമ്മാനിക്കും.

&&&&&&&&&&&&&&&&

## ശബരിമല - മുഖ്യമന്ത്രി

ശബരിമല ക്ഷേത്രം മതാതീത ആത്മീയതയുടെ ആരാധനാലയമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പമ്പാതീരത്ത് ആഗോള അയ്യപ്പസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മധുര- തിരുപ്പതി മാതൃകയിൽ

ശബരിമലയെ തീർത്ഥാടക ഭൂപടത്തിൽ ശ്രദ്ധേയ കേന്ദ്രമാക്കി മാറ്റുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

## മന്ത്രി വാസവൻ

വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചാലുടൻ ശബരിമലയിൽ റോപ് വേ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കുമെന്ന് മന്ത്രി വി.എൻ. വാസവൻ. ആഗോള അയ്യപ്പ സംഗമത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അയ്യപ്പ സംഗമത്തിലെ നിർദ്ദേശങ്ങൾ ചർച്ച ചെയ്യാൻ 18 അംഗ സമിതിയെ നിയോഗിക്കുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&

## അമീബിക് (ഇൻട്രോ)

RNU TVPM

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരു കുട്ടിയെ കൂടി കോഴിക്കോട് മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ചു. മലപ്പുറം സ്വദേശിയായ 13 വയസ്സുള്ള കുട്ടിക്കാണ് രോഗബാധ. നിലവിൽ പത്തു പേരാണ് കോഴിക്കോട് ചികിത്സയിൽ കഴിയുന്നത്. അതേസമയം, ചികിൽസയിലിരിക്കെ ഇന്നലെ മരിച്ച ആളുടെ രോഗ ഉറവിടം സംബന്ധിച്ച പരിശോധനകൾ ആരംഭിച്ചു. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.. ( വോയിസ്.... )

&&&&&&&&&&&&&&&&

## അതിദരിദ്രർക്ക് വാതിൽപ്പടി സേവനം

സംസ്ഥാനത്തെ അതിദരിദ്രർക്ക് ആരോഗ്യവകുപ്പിൻറെ വാതിൽപ്പടി സേവനങ്ങൾ ഉറപ്പാക്കുമെന്ന് മന്ത്രി വീണാ ജോർജ്. ഈ മാസം 28 മുതൽ ഒക്ടോബർ 28 വരെ രക്ത പരിശോധനയും വൈദ്യ സഹായവുമായി ആരോഗ്യ പ്രവർത്തകർ അതിദരിദ്ര വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ വീടുകളിലെത്തും. ആവശ്യമുള്ളവർക്ക് തുടർചികിത്സ ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

## <u>മന്ത്രി വി.ശിവൻകുട്ടി</u>

എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനം സംബന്ധിച്ച ഹൈക്കോടതി ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി മന്ത്രി വി ശിവൻകുട്ടി. വിഷയത്തിലെ പരാതികൾ പരിശോധിക്കുന്നതിന് നവംബർ 10 നകം അദാലത്ത് സംഘടിപ്പിക്കും. സ്കൂൾ ബസ്സുകളിൽ ക്യാമറ സ്ഥാപിക്കുന്നത് സംബന്ധിച്ച ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിർദേശം പിൻവലിക്കില്ലെന്നും ശ്രീ ശിവൻകുട്ടി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&

## <u>തീവ്ര വോട്ടർ പട്ടിക പരിഷ്കരണം</u>

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും നിയമനുസൃതമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. വിഷയത്തിൽ തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാഷ്ട്രീയ പാർട്ടികളുടെ എല്ലാ ആശങ്കകളും പരിഹരിക്കുമെന്നും അദ്ദേഹം പറഞ്ഞു. 11 രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. അതേസമയം, തീവ്ര വോട്ടർ പട്ടിക പരിഷ്കരണം നടപ്പാക്കുന്നതിനെ ബി ജെ പി സ്വാഗതം ചെയ്തു.

RNU TVPM

&&&&&&&&&&&&&&&&

## <u>ശ്രീനാരായണ ഗുരു സമാധി</u>

ശ്രീനാരായണ ഗുരുവിൻ്റെ 98-ാം സമാധിദിനാചരണം നാളെ. ദിനാചരണത്തോടനുബന്ധിച്ച് വർക്കല ശിവഗിരി മഹാസമാധിയിലും ചെമ്പഴന്തി ഗുരുകുലത്തിലും അരുവിപ്പുറത്തും വിവിധ പരിപാടികൾ നടക്കും. വയൽവാരം വീട്ടിൽ നടക്കുന്ന സമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&

## സ്വതന്ത്ര സോഫ്റ്റ്‌വെയർ - ശിവൻകുട്ടി

തിരുവനന്തപുരത്ത് കൈറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനാചരണ പരിപാടി വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി ഓൺലൈനായി ഉദ്ഘാടനം ചെയ്തു. സ്വതന്ത്ര സോഫ്റ്റ് വെയറുകൾക്കൊപ്പം ഓപ്പൺ ഹാർഡ്‌വെയറുകൾക്കും പ്രാധാന്യം നൽകുന്നതിന് ഉദാഹരണമാണ് സ്കൂളുകളിൽ വിന്യസിച്ചിട്ടുള്ള 29,000 റോബോട്ടിക് കിറ്റുകളെന്ന് മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

## നീതി ആയോഗ്

കേന്ദ്രീയ വിദ്യാലയ സംഘഠൻ എറണാകുളം റീജിയന്റെ നേതൃത്വത്തിൽ കേന്ദ്ര വിദ്യാലയ എൻ എ ഡി ആലുവയിൽ KVS എ.ഐ ടിങ്കർ ഫെസ്റ്റ് നടത്തി. വിവിധ കേന്ദ്രീയ വിദ്യാലയങ്ങളിൽ നിന്നുള്ള 77 മത്സരാർത്ഥികൾക്ക്, നീതി ആയോഗ് ആർ.എം.ഒ.സി. ജോജി ജേക്കബ് പ്രശസ്തി പത്രം സമ്മാനിച്ചു.

RNUTVPM

&&&&&&&&&&&&&&&&

## ലക്ഷദ്വീപ് - മത്സ്യബന്ധനം

ലക്ഷദ്വീപിലെ മത്സ്യബന്ധന മേഖലയുടെ വികസനം സംബന്ധിച്ച അവലോകന യോഗം കൊച്ചിയിൽ ചേർന്നു. കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ്, കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ, ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ തുടങ്ങിയവർ യോഗത്തെ അഭിസംബോധന ചെയ്തു. ട്യൂണ മത്സ്യബന്ധനം, കടൽപ്പായൽ, അലങ്കാര മത്സ്യങ്ങൾ എന്നീ മേഖലകളുടെ ശാക്തീകരണം ചർച്ചയായി.

&&&&&&&&&&&&&&&&

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ പാപ്പിനിശ്ശേരിയിലെയും പഴയങ്ങാടി താവത്തെയും റെയിൽവെ മേൽപ്പാലങ്ങൾ വിദഗ്ധ സംഘം സന്ദർശിച്ചു. K S T P പ്രൊജക്റ്റ് ഡയറക്ടർ എം. അഞ്ജനയുടെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധന നടത്തിയത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.... (വോയ്സ്)

&&&&&&&&&&&&&&&&

## <u>ഏഷ്യാ കപ്പ്</u>

ഏഷ്യകപ്പ് പുരുഷ ടി- 20 ക്രിക്കറ്റിൽ, സൂപ്പർ 4 മത്സരങ്ങൾക്ക് ഇന്നു തുടക്കമാകും. ആദ്യ മത്സരത്തിൽ ശ്രീലങ്കയും ബംഗ്ലദേശും ഏറ്റുമുട്ടും. രാത്രി എട്ടിന് ദുബായ് ഇൻ്റർനാഷണൽ സ്റ്റേഡിയത്തിലാണ് മത്സരം. ഇന്ത്യ നാളെ പാകിസ്ഥാനെ നേരിടും.

&&&&&&&&&&&&&&&&

## <u>തദ്ദേശ പൊതുതിരഞ്ഞെടുപ്പ്</u>

സംസ്ഥാനത്തെ തദ്ദേശ പൊതുതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് രാഷ്ട്രീയപാർട്ടികൾക്ക് ചിഹ്നം അനുവദിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ കരട് വിജ്ഞാപനം പുറപ്പെടുവിച്ചു. പരാതികൾ 15 ദിവസത്തിനകം നൽകാം. കരട് വിജ്ഞാപനം sec.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

RNU TVPM

&&&&&&&&&&&&&&&&

## <u>സേവാ പർവ് - ഇൻഷുറൻസ് (ഇൻട്രോ)</u>

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ നടപ്പാക്കിയ പ്രവർത്തനങ്ങളിൽ, ഇൻഷുറൻസ് പരിരക്ഷയെ കുറിച്ചാണ് പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

**( വോയിസ്....)**

## <u>സേവാ പർവ് - ഇൻഷുറൻസ് (വോയ്സ്)</u>

(മ്യൂസിക്)

എല്ലാവർക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനായി രാജ്യത്ത് 2015 മേയിൽ പിഎം ജീവൻ ജ്യോതി ബീമാ യോജനയും പിഎം സുരക്ഷാ ബീമാ യോജനയും ഉൾപ്പെടുന്ന ജൻ സുരക്ഷാ പദ്ധതികൾ ആരംഭിച്ചു. അപകടത്തെത്തുടർന്ന വ്യക്തി

മരിക്കുകയോ പരിക്കേൽക്കുകയോ ചെയ്താൽ രണ്ട് ലക്ഷം രൂപ വരെ പരിരക്ഷ നൽകുന്ന വിധത്തിലാണ് പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന രൂപകൽപ്പന ചെയ്തിരിക്കുന്നത്. പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജനയിലൂടെ ലൈഫ് ഇൻഷുറൻസ് പരിരക്ഷയും ലഭിക്കുന്നു. സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ സുരക്ഷിതരാക്കാൻ പദ്ധതികൾ സഹായിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ( **പി.എം - വോയിസ്...** )
ആകസ്മിക അപകടങ്ങളോ ദുരന്തങ്ങളോ വഴി സാധാരണക്കാരുടെ ജീവിതം വഴി മുട്ടാതിരിക്കാനാണ് എല്ലാ പൗരന്മാർക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാൻ സർക്കാർ തീരുമാനിച്ചത്. ( മ്യൂസിക് )

&&&&&&&&&&&&&&&&

<u>പ്രിയങ്കാ ഗാന്ധി</u>

സംസ്ഥാനത്തെ ഉന്നതികളിലെ ജനങ്ങളുടെ വിദ്യാഭ്യാസ, യാത്ര പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കണമെന്ന് പ്രിയങ്ക ഗാന്ധി എംപി. വയനാട് കോട്ടത്തറ ഗ്രാമപഞ്ചായത്ത് വെണ്ണിയോട് നിർമിച്ച ഉമ്മൻ ചാണ്ടി സ്മാരക ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. ജില്ലയിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകർക്ക് വേണ്ടി പ്രവർത്തിക്കുമെന്നും ശ്രീമതി പ്രിയങ്ക പറഞ്ഞു.

&&&&&&&&&&&&&&&&

<u>നവരാത്രി എഴുന്നള്ളത്ത്</u>

തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാന അതിർത്തിയായ കളിയിക്കാവിളയിൽ നാളെ രാവിലെ 11.30ന് നവരാത്രി വിഗ്രഹങ്ങൾക്ക് സ്വീകരണം നൽകും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ചടങ്ങിൽ പങ്കെടുക്കും. ഘോഷയാത്ര തിങ്കളാഴ്ച വൈകുന്നേരം 6.30 ന് ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ എത്തിച്ചേരും. ആറാട്ടിനുശേഷം സരസ്വതി ദേവിയെ നവരാത്രി മണ്ഡപത്തിൽ പൂജയ്ക്കിരുത്തും. ഈ മാസം 23-നാണ് നവരാത്രി പൂജ ആരംഭിക്കുക.

&&&&&&&&&&&&&&&&

RNU TVPM

## <u>നെറ്റ് സീറോ കാർബൺ</u>

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്ന "നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ" ക്യാമ്പയിന്റെ ഭാഗമായി എറണാകുളം ഗോശ്രീ ദ്വീപുകളെ നെറ്റ് സീറോ കാർബണിലേക്ക് എത്തിക്കാൻ ഒരുങ്ങി സംസ്ഥാന സർക്കാർ. പരിപാടിയുടെ ഉദ്ഘാടനവും പദ്ധതിരേഖ പ്രകാശനവും മന്ത്രി പി. രാജീവ് തിങ്കളാഴ്ച കൊച്ചിയിൽ നിർവഹിക്കും.

&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&&&

RNU TVPM